പതിമൂന്നാം കേരള നിയമസഭ
പത്താം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത നിയമസഭാ ചോദ്യം നം. 4754 05/02/2014-ൽ മറുപടിയ്ക്ക്

ഭവനരഹിതരുടെപുനരധിവാസം

| ചോദ്യം<br><br>ശ്രീ. എം.പി.വിൻസെന്റ്<br>ശ്രീ.കെ. ശിവദാസൻ നായർ<br>ശ്രീ. പി.സി. വിഷ്ണുനാഥ്<br>ശ്രീ.എ.റ്റി. ജോർജ്ജ് | | ഉത്തരം<br><br>ശ്രീ. മഞ്ഞളാംകുഴി അലി<br>(ധനകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പു മന്ത്രി) | |
|---|---|---|---|
| (എ) | നഗരങ്ങളിൽ സ്വന്തമായി കിടപ്പാടം ഇല്ലാത്ത ആളുകളുടെ പുനരധിവാസത്തിന് വീടുകളോ പാർപ്പിട സമുച്ചയങ്ങളോ നിർമ്മിയ്ക്കുന്നതിന് പദ്ധതി തയ്യാറാക്കാനുദ്ദേശിക്കുന്നുണ്ടോ വിശദമാക്കുമോ ; | (എ) | കേരളത്തിലെ ദുർബലരായ ജനവിഭാഗങ്ങളിൽപ്പെട്ട ദാരിദ്ര്യരേഖക്കു താഴെയുള്ള ഭവനരഹിതർക്കു വേണ്ടി കേരള സംസ്ഥാന ഭവന നിർമ്മാണ ബോർഡ് മുഖേന ഫ്ളാറ്റുകളും വീടുകളും നിർമ്മിച്ചു നൽകുന്ന 'സാഫല്യം' ഭവന പദ്ധതിയ്ക്ക് അംഗീകാരം നൽകിയിട്ടുണ്ട്. കേന്ദ്രസർക്കാർ പുതുതായി പ്രഖ്യാപിച്ച ദേശീയ നാഗരിക ഉപജീവന മിഷൻ (എൻ.യു.എൽ.എം.) പദ്ധതി പ്രകാരം നഗരങ്ങളിൽ സ്വന്തമായി കിടപ്പാടമില്ലാത്ത ആളുകളുടെ പുനരധിനവാസ്ത്തിനായി ഷെൽട്ടർ ഫോർ അർബൻ ഹോംലെസ് (എസ്.യു.എച്ച്) എന്ന പ്രത്യേക ഘടകം ഉൾപ്പെടുത്തിയിട്ടുണ്ട്. ഈ പദ്ധതി സംസ്ഥാനത്ത് നടപ്പിലാക്കുന്നതിനുള്ള മാർഗ്ഗനിർദ്ദേശവും നയവും തീരുമാനിക്കുവാനിരിക്കുന്നതേയുള്ളൂ.<br>എൻ.യു.എൽ.എം ആദ്യ ഘട്ടത്തിൽ എല്ലാ ജില്ലാ ആസ്ഥാനങ്ങളിലും (ഇടുക്കി ഒഴികെ) കൊച്ചി കോർപ്പറേഷനിലും, ഇടുക്കിയിൽ തൊടുപുഴ മുനിസിപ്പാലിറ്റിയിലും ഉൾപ്പെട്ട 15 നഗര സഭകളിലാണ് നടപ്പിലാക്കുന്നത്. |
| (ബി) | ഏതെല്ലാം വിഭാഗക്കാരെയാണ് പ്രസ്തുത പദ്ധതിയിൽ ഉൾപ്പെടുത്താനുദ്ദേശിയ്ക്കുന്നത്; വിശദാംശങ്ങൾ എന്തെല്ലാം ; | (ബി) | കേരളത്തിലെ ദുർബലരായ വിഭാഗത്തിൽപ്പെട്ട ദാരിദ്ര്യ രേഖയ്ക്ക് താഴെയുള്ള ഭവനരഹിതരായ/ സാമ്പത്തികമായി ദുർബലരായ |

| | | | |
|---|---|---|---|
| | വിശദാംശങ്ങൾ എന്തെല്ലാം ; | | വിഭാഗങ്ങളെയാണ് സാഫല്യം ഭവന പദ്ധതിയിൽ ഉൾപ്പെടുത്തിയിരിയ്ക്കുന്നത്. കേന്ദ്ര സർക്കാരിന്റെ എൻ.യു.എൽ.എം. പദ്ധതി അനുസരിച്ച് നഗരത്തിലെ ഏതു വിഭാഗത്തിലുംപെട്ട കിടപ്പാടമില്ലാത്ത എല്ലാ ആളുകളെയും ഉൾപ്പെടുത്താവുന്നതാണ്. നഗരസഭയുടെ നേതൃത്വത്തിലുള്ള ഷെൽട്ടർ മാനേജ്മെൻറ് കമ്മിറ്റിയ്ക്ക് (എസ്.എം.സി) ആയിരിക്കും ഈ പദ്ധതിയുടെ നടത്തിപ്പ് ചുമതല. |
| (സി) | പ്രസ്തുത പദ്ധതി നടപ്പാക്കുന്നതിന് വേണ്ടി വരുന്ന ധനം എങ്ങനെ സമാഹരിക്കാനാണ് ഉദ്ദേശിക്കുന്നത് ; വിശദമാക്കുമോ ; | (സി) | എൻ.യു.എൽ.എം. പദ്ധതി നടപ്പിലാക്കുന്നതിന് വേണ്ടി വരുന്ന ധനത്തിന്റെ 75 % കേന്ദ്രസർക്കാരും 25% സംസ്ഥാന സർക്കാരുമാണ് വഹിക്കേണ്ടത്. |
| (ഡി) | ഈ പദ്ധതിയ്ക്കായി ധനസഹായം നൽകുന്നവരെ നിയമാനുസൃത നികുതി ഇളവിന് അർഹരാക്കുന്ന കാര്യം പരിഗണിക്കുമോ വിശദാംശങ്ങൾ എന്തെല്ലാം ? | (സി) | പരിഗണനയിലില്ല. |

സെക്ഷൻ ഓഫീസർ